## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4053 25•6•2014- ൽ മറുപടിയ്ക്ക്

### അന്യസംസ്ഥാന തൊഴിലാളികൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കേരളത്തിലെ നിർമ്മാണ മേഖലകളിൽ ജോലിയെടുക്കുന്ന ലക്ഷക്കണക്കായ അന്യ സംസ്ഥാന തൊഴിലാളികൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; കെട്ടിടനിർമ്മാണ കേന്ദ്രങ്ങളിൽ ഇടതിങ്ങി താമസിക്കുന്ന ഈ വിഭാഗം തൊഴിലാളികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) അന്യസംസ്ഥാന തൊഴിലാളികൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ, ദേശീയ ആരോഗ്യ മിഷൻ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ് വഴി കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഇവർക്കുള്ള പ്രാഥമികസൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇത്തരം തൊഴിലാളികൾ നാട്ടിൻപുറങ്ങളിലും പൊതുസ്ഥലങ്ങളിലും മല-മൂത്ര വിസർജ്ജനം നടത്തുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടോ; തൻമൂലം ഇത്തരം ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കുവാനിടയുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അന്യസംസ്ഥാന തൊഴിലാളികൾ നാട്ടിൻപുറങ്ങളിലും പൊതുസ്ഥലങ്ങളിലും മല-മൂത്ര വിസർജ്ജനം നടത്തുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ട്. ഇത്തരം ആളുകൾ തിങ്ങിപ്പാർക്കുന്ന ചില പ്രദേശങ്ങളിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കാനുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും, രോഗ നിരീക്ഷണം , രോഗ പരിശോധന, ബോധവൽക്കരണം,രക്ത സാമ്പിൾ ശേഖരണം തുടങ്ങിയ കാര്യങ്ങൾ ചെയ്തുവരുന്നുമുണ്ട്. |

| | |
|---|---|
| (സി) ഉണ്ടെങ്കിൽ അടിസ്ഥാന ജീവിത സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും പകർച്ച വ്യാധികൾ തടയുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) അടിസ്ഥാന ജീവിത സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും, പകർച്ച വ്യാധികൾ തടയുന്നതിനും തൊഴിൽവകുപ്പ്, തദ്ദേശ സ്വയം ഭരണവകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ സംയുക്തമായി നടപടികൾ സ്വീകരിച്ച് വരുന്നു. അന്യസംസ്ഥാന തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണം, രജിസ്ട്രേഷൻ, ഹെൽത്ത് കാർഡ് വിതരണം തുടങ്ങിയവയും ചെയ്തു വരുന്നു. തൊഴിലാളികളുടെ താമസകേന്ദ്രങ്ങളിലും പ്രധാന തൊഴിൽമേഖലകളിലും രോഗനിരീക്ഷണം, കൊതുക് നിരീക്ഷണം, മെഡിക്കൽ ക്യാമ്പുകൾ, മലമ്പനി/മന്ത് രോഗ രക്ത പരിശോധനകൾ, ആരോഗ്യ ബോധ വത്ക്കരണം തുടങ്ങിയവ, ഇതര വകുപ്പുകളുടെ കൂടി സഹകരണത്തോടെ, നടപ്പിലാക്കി വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ